# ജലം, പ്ലാച്ചിമട ജനത, സാമൂഹ്യവ്യയം

തോംസൺ കെ. അലക്സ്

**ഉത്പാദനഘടന**, പ്രകൃതി, സമൂഹം-ഇവ തമ്മിലുള്ള ബന്ധത്തിലെ പിശകുകളാണ് പല പദ്ധതികളെയും വിമർശന വിധേയമാക്കുന്നത്. ഉത്പാദനഘടന തീരുമാനിക്കപ്പെടുന്നത് ഉത്പാദകന്റെ പക്ഷത്തുനിന്നുമാത്രമാണ്. പ്രകൃതിയുടെ ചൂഷണവും സമൂഹത്തിന്റെ നിലനിൽപ്പും ചോദ്യംചെയ്യപ്പെടുന്നത് ഇത്തരമൊരവസ്ഥയിലാണ്. സാമ്പത്തിക ശാസ്ത്രത്തിന്റെ വീക്ഷണത്തിൽ സമൂഹം എപ്പോഴും മാർക്കറ്റും പ്രകൃതി ഉത്പാദനഘടകങ്ങളിൽ ഒന്നുമാത്രമാണ്. ചുരുക്കത്തിൽ ഉദാരീകരണ സമ്പദ്ഘടനയിൽ പരിസ്ഥിതി പ്രവർത്തകരും അതിജീവനത്തിനു പോരാടുന്നവരും മുന്നോട്ടുവച്ച, ഉത്പാദനപ്രക്രിയയിൽ പ്രകൃതിവിഭവങ്ങളുടെ സ്ഥാനത്തെയും ഉപയോഗത്തെയും സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ സാമ്പത്തിക ശാസ്ത്രത്തിന്റെ യാഥാസ്ഥിതിക മുഖങ്ങൾക്ക് കഴിയാതെ വന്നു. ജലത്തിനും, വായുവിനും പ്രകൃതിവിഭവങ്ങൾക്കും എങ്ങനെ വില നിർണ്ണയിക്കും എന്ന പ്രശ്നമാണ് ഇതിനുപിന്നിൽ. അതുകൊണ്ട് മുടക്കുമുതലിനെ ചുറ്റിപ്പറ്റിയുള്ള ഒരു ആദായവിശകലനമായി ഉത്പാദനപ്രക്രിയ മാറ്റപ്പെട്ടു. ഇവിടെ മികച്ച ആദായം ഒരു മൂലധന നിക്ഷേപകനു ലഭിച്ചാൽ ആ ഉത്പാദനഘടന ഉത്പാദനപ്രക്രിയയുടെ ഭാഗമാകുന്നു. അതായത് എവിടെയാണോ ലാഭം കൂടുതൽ ലഭിക്കുന്നത് ആ മേഖലയിലേക്ക് കൂടുതൽ മൂലധനനിക്ഷേപം കടന്നുവരുന്നു. ഇതുതന്നെയാണ് മൂന്നാംലോക രാഷ്ട്രങ്ങളിലെ ജൈവസമ്പന്ന മേഖലകളിലേക്ക് വൻമൂലധനം ഒഴുകുന്നതിന്റെയും കാരണം.

### ഉത്പാദനപ്രക്രിയയിലെ വ്യയനിർണ്ണയം:

ഉത്പാദനപ്രക്രിയയിലെ മുഴുവൻ ചിലവുകളെയും Economic Cost (സാമ്പത്തികവ്യയം), External Cost (ഇതര വ്യയം) എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. സാമ്പത്തിക വ്യയം എന്നത് ഉത്പാദനപ്രക്രിയയിൽ ഭൂമി, പ്രയത്നം, സാങ്കേതികത തുടങ്ങിയവ ശേഖരിച്ച് പ്രവർത്തനം നടത്തുന്നതിനുള്ള ചെലവാണ്. Cost-Benefit-Analysis-ന്റെ തന്ത്രങ്ങളിൽ ഇവയെ കൃത്യമായി വിന്യസിച്ച് കൂടുതൽ ലാഭകരമാവുന്ന രീതിയിൽ ഉത്പാദനഘടകങ്ങളെ ക്രമീകരിക്കാം. അതിനനുസരിച്ചുള്ള ഒരു വിലനിർണ്ണയമാണ് ഉത്പന്നങ്ങളുടെമേൽ ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. ഇതിനു പുറമേയുള്ള ചെലവുകളെ, മലിനീകരണം തടയുന്നതിനുള്ള സജ്ജീകരണങ്ങൾ, ഫാക്ടറി സ്ഥാപനവുമായി ബന്ധപ്പെട്ട് ആവാസവ്യവസ്ഥ നഷ്ടപ്പെട്ട ജനങ്ങൾക്കുള്ള നഷ്ടപരിഹാരം ഇവയെ External Cost എന്ന രീതിയിൽ ഉത്പാദകർ സമീപിക്കുന്നു.

External Cost ഒരു Social Cost (സാമൂഹ്യവ്യയം) ആയി മാറ്റപ്പെടുന്നത് ഉത്പാദന പ്രക്രിയയിൽ നേരിട്ടിടപെടാത്ത




ഒരു സമൂഹത്തിന്റെ ഭാഗത്തുനിന്നും അതിനെ വീക്ഷിക്കുമ്പോഴാണ്. ഒരു മൂലധനനിക്ഷേപകൻ നടത്തുന്ന പ്രകൃതി ചൂഷണത്തിലൂടെ ഒരു സമൂഹം പരോക്ഷമായി അനുഭവിക്കുന്ന നഷ്ടങ്ങളെയാണ് Social cost അഥവാ സാമൂഹ്യവ്യയം എന്ന പദംകൊണ്ട് അർത്ഥമാക്കേണ്ടുന്നത്.

### സാമൂഹ്യവ്യയം - കൂടുതൽ വിശദീകരിക്കപ്പെടുന്നു

1972-ലെ സ്റ്റോക്ഹോം പ്രഖ്യാപനത്തോടുകൂടിയാണ് പരിസ്ഥിതി, വികസനത്തിന്റെ ഒരു ഉപാധി മാത്രമല്ല, പരിരക്ഷിക്കപ്പെടേണ്ടതും സുസ്ഥിര വികസനത്തിന്റെ അടിസ്ഥാനമാണെന്നും അന്തർദ്ദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെടുന്നത്. Economic cost benefit അനാലിസിസിന്റെ പിടിയിൽ കിടന്നിരുന്ന സമ്പദ്ശാസ്ത്ര വിശകലനങ്ങൾ ചോദ്യം ചെയ്യപ്പെട്ടതും ഇത്തരം പരിസ്ഥിതി പ്രഖ്യാപനങ്ങളോടുകൂടിയാണ്. പരിസ്ഥിതി സാമ്പത്തികശാസ്ത്രത്തിൽ വികാസവും സുസ്ഥിര വികസന അജണ്ടകളും, 1990-കളുടെ ആരംഭത്തിൽ വികസന സൂചികയിൽ ഉണ്ടായിട്ടുള്ള ജീവിതനിലവാര സൂചകങ്ങളും, അമർത്യസെൻ ഉൾപ്പെടെയുള്ള ആധുനിക സാമ്പത്തിക ശാസ്ത്രജ്ഞർ മുന്നോട്ടുവച്ച 'സ്വാതന്ത്ര്യമാണ് വികസനം' എന്ന സങ്കല്പവും സാമൂഹ്യവ്യയം ഒരു അളവുകോൽ ആകേണ്ടുന്നതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

സാമൂഹ്യവ്യയം എന്നത് ഒരു ഭൂപ്രദേശത്ത് ഒരു ഉത്പാദനഘടകം അമിതമായി ചൂഷണം ചെയ്യപ്പെടുന്നതിന്റെ ഭാഗമായി ആ ഭൂപ്രദേശത്ത് ഉണ്ടാവുന്ന സാമൂഹ്യ-സാമ്പത്തിക പാരിസ്ഥിതിക അരക്ഷിതവസ്ഥയെയും അസന്തുലനത

യെയും അധഃപതനത്തെയുമാണ് അർത്ഥമാക്കുന്നത്. സാമൂഹ്യവ്യയത്തെ കൃത്യമായി മനസ്സിലാക്കണമെങ്കിൽ അതിന്റെ ഘടനാപരമായ ബന്ധത്തെ ആദ്യമായി വിശകലനം ചെയ്യേണ്ടിവരും. സാമൂഹ്യവ്യയം എന്നത് ഒരു പാരിസ്ഥിതിക വ്യയവും ചില ഉത്പന്നങ്ങളുടെയും വിഭവങ്ങളുടെയും സമൂഹത്തിൽ നിന്നുള്ള തുടച്ചുമാറ്റലും കൂടി ഉൾപ്പെട്ടതാണ്. ഇതിൽ പാരിസ്ഥിതികവ്യയത്തെ പരിസ്ഥിതിയുടെ അധഃപതനമായി ബന്ധപ്പെട്ടും പൊതു ഉത്പന്ന വിഭവങ്ങളുടെ സാമൂഹ്യാന്തരീക്ഷത്തിൽനിന്നുമുള്ള പുറംതള്ളലുമായി ബന്ധപ്പെട്ട് അവയെ Social opportunity cost ആയും പഠിക്കേണ്ടതാണ്.

**ജലം, പ്ലാച്ചിമട ജനത, സാമൂഹ്യവ്യയം**

സാമൂഹ്യവ്യയം ഒരു നിഷ്പ്രയോജനത്വം (disutility) തന്നെയാണ്. അത് ഒരു രീതിയിൽ സമൂഹത്തിന്റെ സമഗ്രതയെ ഉന്മൂലനം ചെയ്യാൻമാത്രം ശക്തമാണ്. പാരിസ്ഥിതിക വ്യയം പ്രകൃതിയെ വന്ധ്യമാക്കുകയും കാർഷികമേഖലയെ നിഷ്കാസനം ചെയ്യുകയും ചെയ്യുന്നു. സാമൂഹ്യവ്യയത്തിന്റെ തുടക്കം പ്രകൃതിയുടെ വന്ധ്യതയിലൂടെയാണ് ആരംഭിക്കുക. പ്രകൃതിയുടെ ഈ ശൂന്യത സാമൂഹ്യ ആരോഗ്യത്തിലേക്കും സംസ്കാരത്തിന്റെ ജൈവഘടനയിലേക്കും വ്യാപിക്കുമ്പോൾ സാമൂഹ്യവ്യയം അതിന്റെ മൂർദ്ധന്യതയിലെത്തുന്നു. ഇതോടൊപ്പം പൊതു ഉപയോഗത്തിൽനിന്നും തനത് ഉത്പന്നങ്ങളും വിഭവങ്ങളും ആഗോളീകരണ സമ്പദ്ഘടനയിൽ പുറംതള്ളപ്പെടുകയും ചെയ്യുന്നു.

ലോകചരിത്രത്തിൽ ജലം എല്ലാവരുടെയും പൊതു സ്വത്തായിരുന്നു; ചില പ്രത്യേക സാഹചര്യങ്ങളിൽ സ്വകാര്യവത്കരിക്കപ്പെട്ടിട്ടുണ്ടെങ്കിൽപോലും. ആധുനിക ലോകത്തിൽ ഫ്രാൻസ് തുടങ്ങി ഏതാനും രാജ്യങ്ങളിൽ പൂർണ ജലസ്വകാര്യവത്കരണം നിലവിലുണ്ട്. പക്ഷേ ആഗോള തലത്തിൽ, ജലം ഒരു സാമ്പത്തിക ഉത്പന്നം എന്ന നിലയിൽ സജീവമാകുന്നത് 1992-ലെ ഡബ്ലിൻ സമ്മേളനത്തോടുകൂടിയാണ്. ആഗോളവത്കരണം ശക്തമാവുന്നതും ഈ തൊണ്ണൂറുകളിലാണ്. ഇതിന്റെ ഭാഗമായാണ് ഹിന്ദുസ്ഥാൻ കൊക്കകോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി പ്ലാച്ചിമടയിൽ എത്തുന്നത്. കോള എത്രകോടി മുതൽ മുടക്കി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു എന്നതുമാത്രമേ അന്നു കേരളത്തിൽ ചർച്ച ചെയ്യപ്പെട്ടുള്ളൂ. 5000 തൊഴിലവസരങ്ങൾക്കായി പ്ലാച്ചിമട ജനതയുടെ സാമൂഹ്യവ്യയം എത്രയെന്ന് ആരും അന്വേഷിച്ചില്ല.

പ്ലാച്ചിമട പ്രശ്നത്തെ പ്രധാനമായും മൂന്നു രീതിയിൽ വിശകലനം ചെയ്യേണ്ടിയിരിക്കുന്നു- ജലത്തിന്റെ ലഭ്യതയും അനുബന്ധ പ്രശ്നങ്ങളും, സാമൂഹ്യവ്യയത്തെ സംബന്ധിച്ച നിർണ്ണയങ്ങൾ, ജലവും ജനാധികാരവും എന്ന നിലയിൽ.

സ്വന്തം കിണറ്റിൽ ലഭിച്ചുകൊണ്ടിരുന്ന ജലം മലിനമാക്കപ്പെടുകയും ഇല്ലാതാവുകയും ചെയ്തതോടെ ഒരു സമൂഹം ജലത്തിനായി കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടി വരിക. അപ്പോൾ അവർക്ക് മറ്റു പലകാര്യങ്ങളും ത്യജിക്കേണ്ടി വരുന്നു. കുട്ടികൾക്ക് പഠനം നഷ്ടപ്പെടുന്നു. അമ്മമാർക്ക് നവജാത ശിശുക്കളെ വേണ്ടപോലെ പരിപാലിക്കാൻ കഴിയാതെ വരുന്നു. സാമൂഹ്യപ്രശ്നങ്ങളിലും, ചടങ്ങുകളിലും പങ്കെടുക്കാൻ കഴിയാതെ വരുന്നു. സാംസ്കാരിക, കലാ പ്രവർത്തനങ്ങൾ ഒരു പ്രദേശത്തുനിന്ന് അന്യമാവുന്നു. മലിനജല ഉപയോഗം മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാവുന്നു. അങ്ങനെ പലതും. ജലത്തിന്റെ ദൗർലഭ്യത പ്ലാച്ചിമടയിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതും ഇതുതന്നെയാണ്. ഈ തലമുറയുടെയും വരാനിരിക്കുന്ന തലമുറയുടെയും ഉത്പാദനക്ഷമമായ സമയത്തെയാണ് ജല ദൗർലഭ്യം ഇല്ലാതാക്കുന്നത്. ഈ പ്രശ്നങ്ങളുടെ ആകെത്തുകയെ കണക്കാക്കാൻ ഒരു സൂത്രവാക്യവും നമുക്കില്ല. ഈ നഷ്ടങ്ങളെ സാമൂഹ്യവ്യയമായി കണക്കാക്കേണ്ടതാണ്.

സാമൂഹ്യവ്യയത്തെ മറ്റൊരു തലത്തിൽ സാമൂഹ്യനിലവാരവുമായി ബന്ധപ്പെട്ട് മനസ്സിലാക്കാം. നിരന്തരം സമരത്തിലേർപ്പെടുന്ന, ജലമില്ലാത്ത, അടിസ്ഥാന സൗകര്യങ്ങളില്ലാത്ത, തൊഴിൽ കൃത്യമായി ലഭിക്കാത്ത ഒരു അവികസിത സമൂഹം എന്ന നിലയിലേക്ക് പ്ലാച്ചിമട സമൂഹം കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ മാറ്റപ്പെട്ടിട്ടുണ്ട്. മലിനജലം കുടിക്കുന്നു എന്നതുമാത്രമല്ല, പാചകം, ശുചിത്വപാലനം അങ്ങനെ എന്തിനും മലിനജലത്തെ ആശ്രയിക്കുന്ന ഒരു സമൂഹം എന്തുകൊണ്ടും സാമൂഹ്യ നിലവാര നിർണ്ണയത്തിൽ മറ്റേതൊരു സമൂഹത്തേക്കാളും പിൻനിരയിലായിരിക്കും.

സാമൂഹ്യവ്യയം മറ്റൊരർത്ഥത്തിൽ Social opportunity cost മായി ബന്ധപ്പെട്ടതാണ്. ഓരോ തുള്ളി ജലചൂഷണവും നിഷേധിക്കുന്നത്, കുടിവെള്ളം മാത്രമല്ല; ഭക്ഷണം, ആരോഗ്യം, ബൗദ്ധിക വളർച്ച, Social status അങ്ങനെ പലതും. വിൽക്കപ്പെടുന്ന ഓരോ തുള്ളി ജലത്തോടൊപ്പവും നാം കൈമാറേണ്ടത് ഇത്തരം അടിസ്ഥാന ആവശ്യങ്ങളാണ്. കോളയുടെ ചൂഷണം മൂലം തൊഴിൽ നഷ്ടപ്പെട്ട ലക്ഷക്കണക്കിന് ചെറുകിട സോഡാ നിർമ്മാതാക്കൾ ഉണ്ട്. കോള പുറത്തേക്കുതള്ളിയത് നമ്മുടെ സംസ്കാരവുമായി ബന്ധപ്പെട്ട ആരോഗ്യദായക ഉത്പന്നങ്ങളായ സംഭാരം, നന്നാറി സോഡ, ജീരകസോഡ തുടങ്ങിയവയാണ്. കോളയ്ക്കു വേണ്ടി കേരളം നഷ്ടപ്പെടുത്തിയ ഒരു ജലസംസ്കാരവും ഉണ്ട്. കോളയ്ക്കു മുമ്പ് ഏതൊരു വഴിയാത്രക്കാരനും വഴിയരികിലെ ഏതു കടയിൽനിന്നും വീട്ടിൽനിന്നും ശുദ്ധജലം സൗജന്യമായി കിട്ടുമായിരുന്നു. കോളയുടെ വരവിനുശേഷം നഗരങ്ങളിലെ ഒരു കടയിലും സൗജന്യമായി ജലം ഇല്ല എന്നു മാത്രമല്ല, ഒരു നാരങ്ങവെള്ളം പോലും കിട്ടാത്ത അവസ്ഥയുമുണ്ടായി. തുറന്ന കിണറുകളിലെയും പെട്ടിക്കടകളിലെയും കുടിവെള്ളം സുരക്ഷിതമല്ല എന്നു കല്പിക്കാൻ കോളയ്ക്കു മാത്രമേ കഴിഞ്ഞുള്ളൂ. മുലപ്പാലിനു പകരം കരയുന്ന നവജാത ശിശുവിന് കോള കൊടുക്കുന്ന അമ്മമാരെ സൃഷ്ടിച്ചതും ആരാണ്? കുടിവെള്ള സംസ്കാരത്തിന്റെ പരിപാവനതയെയാണ് കോള അട്ടിമറിച്ചത്. സാമൂഹ്യ ആരോഗ്യത്തെയാണ് ഇത് നഷ്ടമാക്കിയത്.

പരിസ്ഥിതി വ്യയം മറ്റൊരു ചിത്രമാണ്. പ്ലാച്ചിമടയുടെ നെൽവയലുകൾ കൃഷിയിറക്കാൻ കഴിയാതെ കിടക്കുന്നു. ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യപ്പെട്ടതുകൊണ്ട് കർഷകരുടെ കുഴൽക്കിണറുകൾ ഉപയോഗശൂന്യമാവുന്നു. ഉത്പാദനം കാർഷികമേഖലയിൽ നന്നേ കുറഞ്ഞു. അമിത ഭൂഗർഭജല ചൂഷണം ഭൗമപാളികളുടെ സമതുലനതയെ സാരമായി ബാധിക്കും. ഭൂഗർഭാന്തരീക്ഷത്തിൽനിന്നും അമിതമായി ലവണങ്ങൾ പുറംതള്ളുന്നത് പാരിസ്ഥിതിക വ്യവസ്ഥയുടെ നിലനിൽപ്പിനെ ചോദ്യം ചെയ്യും. കുടിവെള്ളത്തിൽ കാഡ്മിയത്തിന്റെ അളവുകൂടിയത് നാം പ്ലാച്ചിമടയിൽ കണ്ടുകഴിഞ്ഞതാണ്. ഇത്തരത്തിൽ പ്ലാച്ചിമടയിലെ ജലചൂഷണം മുന്നോട്ടുവയ്ക്കുന്നത് പാരിസ്ഥിതികവ്യയത്തിന്റെ

ചിത്രമാണ്.

മലിനമാക്കപ്പെട്ട ജലം, നഷ്ടപ്പെടുന്ന കാർഷികമേഖല, തൊഴിൽ നഷ്ടം, ആരോഗ്യനഷ്ടം, കുട്ടികളുടെ പഠനവും മറ്റു വളർച്ചാസങ്കേതങ്ങളുടെയും ദൗർലഭ്യത തുടങ്ങി സാമൂഹ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ സാമൂഹ്യ ഭരണകേന്ദ്രങ്ങളെ കൂടുതൽ സാമ്പത്തിക വ്യയത്തിലേക്ക് നയിക്കുന്നു. ഗ്രാമ പഞ്ചായത്തും മറ്റു സേവനകേന്ദ്രങ്ങളും ഭരണവ്യവസ്ഥ ആകെക്കൂടിയും ഭീമമായ രീതിയിൽ പണം ചെലവഴിച്ചാൽ മാത്രമേ പ്ലാച്ചിമടയിലെ ജലപ്രശ്നവും, ആരോഗ്യപ്രശ്നവും പാരിസ്ഥിതികപ്രശ്നവും പരിഹരിക്കാൻ കഴിയുകയുള്ളൂ.


ഭാവിയെപ്പറ്റിയുള്ള ആശങ്കകൾ, മുദ്രാവാക്യങ്ങളുടെ രൗദ്രം എന്തിന് സമരപ്രക്രിയ തന്നെ സൃഷ്ടിക്കുന്ന സാമൂഹ്യ-മാനസിക തലം ഒരു മാനസിക അകൽച്ചയുടേതായിരിക്കും എന്നതിൽ തർക്കമില്ല. ആരെയും ചോദ്യം ചെയ്യുക, പരസ്പര വിശ്വാസമില്ലായ്മ, ഭരണകൂടത്തെ എതിർക്കൽ എന്നിങ്ങനെ സൃഷ്ടിക്കപ്പെടുന്ന സാമൂഹ്യ വിഘടനവാദപരമായ പ്രവർത്തനങ്ങൾക്കുള്ള സാദ്ധ്യതയും തള്ളിക്കളഞ്ഞുകൂടാ. ഇത്തരത്തിൽ പ്ലാച്ചിമട ജനത നടത്തിയ സാമൂഹ്യവ്യയം ഒരു നഷ്ടപരിഹാരത്തിലൊതുക്കി തീർക്കാവുന്നതാണെന്ന് കരുതുന്നതിൽ എന്തർത്ഥം.

**ചുരുക്കത്തിൽ പ്ലാച്ചിമടയിൽ ഇന്ന് പ്രത്യക്ഷത്തിൽ കാണാവുന്ന സാമൂഹ്യവ്യയം താഴെപ്പറയുന്നവയാണ്. 1. കൃഷിനാശം, 2. തൊഴിൽ നഷ്ടം, 3. കുടിവെള്ള മലിനീകരണം, 4. ശുദ്ധജല ദൗർലഭ്യത, 5. കുട്ടികളുടെ പഠന പ്രശ്നങ്ങൾ, 6. സ്ത്രീകളുടെ ജലത്തിനായുള്ള കാത്തിരിപ്പ്, 7. പോഷകാഹാരക്കുറവ്, 8. നവജാത ശിശുക്കളുടെ ഭാരക്കുറവ്, 9. ഏറിവരുന്ന ഗർഭാലസ്യനിരക്ക്, 10. ഭാവിയെപ്പറ്റിയുള്ള ഉത്കണ്ഠ സൃഷ്ടിക്കുന്ന മാനസിക പിരിമുറക്കം, 11. ഉത്പാദനക്ഷമമായ സമയനഷ്ടം, 12. മാനസിക ശാരീരിക ഉല്ലാസത്തിനുള്ള സമയമില്ലായ്മ എന്നിങ്ങനെ.**


ഇത്തരത്തിൽ സാമൂഹ്യ-സാംസ്കാരിക-ജൈവ ബന്ധങ്ങളുടെ ശൈഥില്യം വിഭവങ്ങൾക്കുമേലുള്ള സമൂഹത്തിന്റെ പ്രത്യേകിച്ചും അതിനെ കേന്ദ്രീകരിച്ച് ജീവിക്കുന്ന ജനങ്ങളുടെ നിലനിൽപ്പിനുവേണ്ടിയുള്ള സമരങ്ങളാവുമ്പോൾ സാമൂഹ്യവ്യയം എന്നത് ഒരു ജനാധികാര പ്രശ്നമാവുന്നു. ആരാണ് ജലത്തിന്റെ യഥാർത്ഥ ഉടമ, പ്രകൃതിക്കുവേണ്ടി ആരു ജലം വാങ്ങും (സ്വകാര്യവത്കരിച്ചാൽ), ആർക്കാണ് ജലത്തിന്റെ വിതരണാവകാശം എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താതെ ഒരു പ്രകൃതിവിഭവ കേന്ദ്രീകൃത സമരവും അവസാനിച്ചുകൂടാ. ഇതൊരു ജനാധികാര സമരമാവണം. നഷ്ടപരിഹാര പ്രശ്നം പിന്നീടാവട്ടെ. അപ്പോൾ ഈ സമരങ്ങൾക്ക് ഒരു സാർവ്വദേശീയ മാനം കൈവരും. വിഭവങ്ങളിൻമേലുള്ള അധികാരവും ഉപയുക്തതയും ഒരു സമൂഹത്തിന് നഷ്ടമാവുക എന്നത് സാമൂഹ്യവ്യയത്തിന്റെ അപനിർമ്മാണവും (Corporate gaints says, it is external cost) സുസ്ഥിര വികസന സങ്കല്പത്തിന് ഒരു ചരമഗീതവുമാണ്.

*കൊച്ചിഡിഗ്ഗേരിൽ, കരിക്കാട്ടൂർ പി.ഒ.*


## അധിക വായനയ്ക്ക്/പ്രവർത്തനങ്ങൾക്കുള്ള പുസ്തകങ്ങൾ



- കുടിവെള്ള വ്യവസായം : നേരും നുണയും, ടോണി ക്ലാർക്ക്, മലയാള വിവർത്തനം ടി.വി. വേലായുധൻ, പേജ് 114, വില 50 രൂപ, മാതൃഭൂമി.
- കുട്ടനാട്-കണ്ണീർതടം, രവിവർമ്മ തമ്പുരാൻ, പേജ് 118, വില 60 രൂപ, റെയ്ൻബോ ബുക്സ്.
- **Poision Vs. Nutrition-A Briefing paper on Pesticide Contamination and Food Safety**, Page 76, Centre for Science and Environment, New Delhi.




- വെള്ളം, (പരിഷ്കരിച്ച നാലാമത് പതിപ്പ്) അജയകുമാർ കെ., തുടർ പഠനങ്ങൾ എസ്. അജയകുമാർ, പേജ് 102, വില 50 രൂപ. ഡി.സി. ബുക്സ്.
- **പ്ലാച്ചിമടയിലെ ജലചൂഷണവും ജനകീയ പ്രതിരോധവും**, (മാതൃഭൂമി സമകാലിക രേഖപരമ്പര), സമാഹരണം പ്രൊഫ. പി.എ. വാസുദേവൻ, പേജ് 122, വില 35 രൂപ.

***എക്സ്പ്രസ്സ് ഹൈവേ : ദുരന്തത്തിലേക്കുള്ള രാജപാത***



ലഘുലേഖ, പേജ് 32, വില 5 രൂപ

- കോർപ്പറേറ്റ് ഹൈജാക്ക് ഓഫ് വാട്ടർ, ഡോ. വന്ദനാ ശിവ, രാധാ ഹോള ഭർ, അസഫർ എം. ജാഫ്രി, കുൻവർ ജലീസ്. വില : 75 രൂപ. പേജുകൾ 55
- **വാട്ടർ, പെർസ്പെക്ടീവ്സ്, ഇഷ്യൂസ്,** കൺസേൺസ്, രാമസ്വാമി, ആർ. ഐയർ. വില : 550
- ഡാംസ് വേഴ്സസ് ഡ്രിങ്കിംഗ് വാട്ടർ : എക്സ്പ്ലോറിംഗ് ദ നർമദ ജഡ്ജ്മെന്റ്, എൽ.സി. ജയിൻ. പേജുകൾ 131. വില: 75 രൂപ



- **ലാർജ് ഡാംസ് ഇൻ ഇന്ത്യ : എൻവയോൺമെന്റൽ, സോഷ്യൽ ആന്റ് ഇക്കണോമിക് ഇംപാക്ട്സ്**, ശേഖർ സിംഹ്, റാനബ് ബാനർജി. വില 500 രൂപ. പേജുകൾ 338
- **ദ വാട്ടർ മാനിഫെസ്റ്റോ : ആർഗുമെന്റ്സ് ഫോർ ദ വേൾഡ് വാട്ടർ കോൺട്രാക്ട്**, റിക്കാർഡോ പെട്രേല. വില 300 രൂപ
- **റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്**, ശ്രീ പെദ്രാ, വില 110 രൂപ, ആൾട്ടർമീഡിയ
- **വാട്ടർ, ഫുഡ് & എൻവിറോൺമെന്റ് എ കോൾ ഫോർ സസ്റ്റയിനബിലിറ്റി**. ജെ. പോൾ ഭാസ്കർ. പേജുകൾ : 56. രൂപ : 20



- **Water Wars** Privatization, Pollution and Profit Vandana Shiva, Published by India Research press, New Delhi. Page - 170, Price - 245/-
- **Blue Gold** The fight to stop the coporate theft of the worlds water by Maude Barlow, Tony Clark, Left Word, Page 290. Rs. 195/-

Privatisation of Rivers in India : By Arun Kumar Singh, Vikas Adhyan Kendra, Mumbai, page - 218

**വിശദമായ കാറ്റലോഗിനും കൂടുതൽ വിവരങ്ങൾക്കും കോപ്പികൾക്കും ബന്ധപ്പെടുക. വില മുൻകൂർ അയച്ചാൽ തപാൽ ചെലവ് സൗജന്യം. വി.പി.പി സൗകര്യം ഉണ്ടായിരിക്കുന്നതാണ്.**
M.O./D.D. അയക്കേണ്ട വിലാസം:

കേരളീയം

**മാനേജർ, കേരളീയം, തൃശൂർ-21. ഫോൺ: 0487-2421385**